**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**07/11/2019 ൽ മറുപടിക്ക്**

**നക്ഷത്രചിഹ്നമിട്ട**

**ചോദ്യം നം. 256**

**വിഴിഞ്ഞം മത്സ്യബന്ധനതുറമുഖ നിർമ്മാണം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.എസ്.ശബരിനാഥൻ**<br>**,, എം. വിൻസെന്റ്**<br>**,, റോജി എം. ജോൺ**<br>**,, എൽദോസ് പി. കുന്നപ്പിള്ളിൽ :** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>**(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ മന്ത്രി)** |
| (എ) | വിഴിഞ്ഞം മത്സ്യബന്ധനതുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ; നിർമ്മാണ പ്രവർത്തനം ആരംഭിച്ച് അൻപത്തേഴ് മാസം കഴിഞ്ഞിട്ടും പ്രസ്തുത പ്രവർത്തനം പൂർത്തിയാക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (എ) | വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിന്റെ ഒന്നാംഘട്ട വികസനത്തിനായി 25/09/1967-ൽ 173 ലക്ഷം രൂപയുടെ കേന്ദ്രാനുമതി നൽകി. അതിൽ ഉൾപ്പെട്ട 305 മീറ്റർ നീളമുള്ള പ്രധാന പുലിമുട്ട്, 60 മീറ്റർ നീളമുള്ള സർവ്വീസ് ജെട്ടി, ക്വാർട്ടേഴ്സ്, ജലവിതരണം, ഡ്രെയിനേജ് എന്നീ സൗകര്യങ്ങളോടെ 1974-ൽ ഒന്നാംഘട്ട വികസന പ്രവൃത്തികൾ പൂർത്തീകരിച്ചു.<br>രണ്ടാം ഘട്ട വികസനത്തിനായി 50% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി 704 ലക്ഷം രൂപയുടെ ഭരണാനുമതി 04/02/1987-ൽ നൽകി. ടി പദ്ധതിയിൽ പ്രധാന പുലിമുട്ടിന്റെ നീളം 100 മീറ്റർ വർദ്ധിപ്പിക്കൽ, 270 മീറ്റർ നീളത്തിൽ ലീവേർഡ് ബ്രേക്ക് വാട്ടർ, 250 മീറ്റർ നീളത്തിൽ 2 വാർഫുകൾ, 500 ച.മീറ്റർ വിസ്തീർണ്ണമുള്ള 2 ലേലപ്പുരകൾ, 500 ച. മീറ്റർ വിസ്തീർണ്ണമുള്ള 2 ഗിയർ ഷെഡുകൾ, ഡ്രഡ്ജിംഗ്, ആന്തരിക റോഡുകൾ, പാർക്കിംഗ് സ്ഥലം, അപ്രോച്ച്റോഡ്, ജല വിതരണം, വൈദ്യുതീകരണം, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ചുറ്റുമതിൽ നിർമ്മാണം എന്നീ ഘടകങ്ങൾ ഉൾക്കൊള്ളിച്ചിരുന്നു. ടി ഭരണാനുമതിയിൽ ചുറ്റുമതിലിന്റെ നിർമ്മാണം, ഡ്രഡ്ജിംഗ് എന്നിവയൊഴിച്ചുള്ള ഘടകങ്ങൾ എല്ലാം തന്നെ പൂർത്തീകരിച്ചിട്ടുണ്ട്.<br>നിലവിൽ 1922 മീറ്റർ നീളത്തിൽ ചുറ്റുമതിൽ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കി 1367 മീറ്റർ നീളം കൂടി പണിയുവാനുണ്ട്. ചുറ്റുമതിൽ നിർമ്മാണം പ്രാദേശികവാസികൾ തടസ്സപ്പെടുത്തുന്നതിനാലാണ് പ്രവൃത്തി പൂർത്തിയാക്കുവാൻ സാധിക്കാത്തത്.<br>രണ്ട് വാർഫുകളുടെയും മദ്ധ്യഭാഗത്തായി സ്ഥിതി ചെയ്യുന്ന ഖബറുമായി ബന്ധപ്പെട്ട് ഉണ്ടായ പ്രശ്നങ്ങൾ കാരണമാണ് ഡ്രഡ്ജിംഗ് പൂർത്തീകരിക്കുവാൻ സാധിക്കാത്തത്. ഡ്രഡ്ജിംഗ് ചെയ്യുന്നപക്ഷം ഖബർ ഒലിച്ചുപോകുവാൻ സാധ്യതയുണ്ടെന്നാണ് പ്രാദേശികവാസികൾ വിശ്വസിക്കുന്നത്. ഖബറിനെ സംരക്ഷിച്ചുകൊണ്ട് ഡ്രഡ്ജിംഗ് ചെയ്യുവാനുള്ള പദ്ധതി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുന്നോട്ട് |

| | | | |
|---|---|---|---|
| | | | വച്ചിരുന്നു. ടി പ്രവൃത്തിയ്ക്കായി കരാറിലേർപ്പെട്ടുവെങ്കിലും പ്രാദേശിക എതിർപ്പുമൂലം കരാർ റദ്ദു ചെയ്യേണ്ടിവന്നു.<br>ചുറ്റുമതിലിന്റെ ബാക്കി നിർമ്മാണം, ഡ്രഡ്ജിംഗ് എന്നിവ തടസ്സപ്പെട്ടിരിക്കുന്നതിനാലാണ് ടി മത്സ്യബന്ധനതുറമുഖം പൂർണ്ണമായി ഉപയുക്തമാക്കുവാൻ സാധിക്കാത്തത്. |
| (ബി) | മത്സ്യബന്ധനതുറമുഖ വികസനത്തിനായി ഫിഷറീസ് വകുപ്പ് മാസ്റ്റർ പ്ലാൻ ആവിഷ്കരിച്ചിട്ടുണ്ടോ; | (ബി) | വിഴിഞ്ഞം മത്സ്യബന്ധനതുറമുഖത്തിന്റെ വികസനത്തിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മാസ്റ്റർ പ്ലാനിന്റെ കരട് രൂപരേഖ തയ്യാറാക്കുകയും ആയത് പ്രാവർത്തികമാക്കുവാനായി പല ആവർത്തി യൂണിയൻ പ്രതിനിധികൾ ഉൾപ്പെടെ Stake holders-മായി ബഹു. ഫിഷറീസ് മന്ത്രി കരട് രൂപരേഖ അവതരിപ്പിച്ചുകൊണ്ട് ചർച്ചകൾ നടത്തിയെങ്കിലും അന്തിമ തീരുമാനം ആയിട്ടില്ല. |
| (സി) | പ്രസ്തുത മത്സ്യബന്ധനതുറമുഖം പണി ആരംഭിച്ചശേഷം നിർമ്മാണമാരംഭിച്ച ബേപ്പൂർ, തങ്കശ്ശേരി മത്സ്യബന്ധന തുറമുഖങ്ങൾ പണി പൂർത്തിയായി വർഷങ്ങൾ കഴിഞ്ഞിട്ടും വിഴിഞ്ഞം മത്സ്യബന്ധനതുറമുഖ നിർമ്മാണം നീണ്ടു പോകുന്നത് ഗൗരവമായി പരിഗണിച്ച് ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) | വിഴിഞ്ഞം മത്സ്യബന്ധന തുറമുഖ നിർമ്മാണ പ്രവൃത്തിയിൽ ചുറ്റുമതിലിന്റെ ബാക്കി നിർമ്മാണം, ഡ്രെഡ്ജിംഗ് എന്നീ രണ്ട് ഘടകങ്ങൾ മാത്രമാണ് പൂർത്തീകരിക്കുവാൻ സാധിക്കാത്തത്. പ്രാദേശിക തടസ്സങ്ങൾ പരിഹരിക്കുന്നതിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പല മാർഗ്ഗരേഖകൾ മുന്നോട്ട് വച്ചുവെങ്കിലും തദ്ദേശ എതിർപ്പുമൂലം പ്രവൃത്തികൾ പ്രാവർത്തികമാക്കുവാൻ സാധിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**